**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1507</u>** **<u>19-09-2025 - ൽ മറുപടിയ്ക്ക്</u>**

**<u>ഉള്ളിയേരി ജി.എൽ.പി. സ്കൂളിന്റെ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ശരിയായ അവകാശികൾ ഇല്ലാത്തതും വിദ്യാഭ്യാസ പ്രവർത്തനത്തിന് വേണ്ടി മാത്രം ഉപയോഗിക്കുവാൻ അനുവദിച്ചിട്ടുള്ളതുമായ ഉള്ളിയേരി ജി.എൽ.പി. സ്കൂളിന്റെ ഭൂമി വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുക്കുന്നതിൽ എന്താണ് തടസ്സമെന്ന് അറിയിക്കാമോ; | (എ) | ഉള്ളിയേരി ജി.എൽ.പി.സ്കൂൾ സർക്കാർ ഏറ്റെടുത്തതുമായി ബന്ധപ്പെട്ട ഗസറ്റ് വിജ്ഞാപനം റീജ്യണൽ/ സംസ്ഥാന ആർക്കൈവ്സുകളിൽ നിന്നും ലഭ്യമാക്കി പരിശോധിച്ചതിനു ശേഷം ഭൂമി ഏറ്റെടുക്കേണ്ടതിന്റെയോ റവന്യൂ രേഖകളിൽ മാറ്റം വരുത്തേണ്ടതിന്റെയോ ആവശ്യമുണ്ടെങ്കിൽ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ബി2-346/2022/ റവ നമ്പർ ഫയൽ പ്രകാരം റവന്യൂ വകുപ്പ് അറിയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ അപ്രകാരമുള്ള നിർദ്ദേശം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഉള്ളിയേരി ജി.എൽ.പി സ്കൂളിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഫയൽ (ബി2-346/2022) കോഴിക്കോട് ജില്ലാ കളക്ടറുടെ ശിപാർശയോടെ റവന്യൂ വകുപ്പിൽ നിന്നും വിദ്യാഭ്യാസ വകുപ്പിന് കൈമാറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഫയലിൽ അടിയന്തര തീരുമാനമുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കുമോ? | (ബി) | ഉള്ളിയേരി ജി.എൽ.പി.സ്കൂൾ സർക്കാർ ഏറ്റെടുത്തതുമായി ബന്ധപ്പെട്ട ഗസറ്റ് വിജ്ഞാപനം റീജ്യണൽ/ സംസ്ഥാന ആർക്കൈവ്സുകളിൽ നിന്നും ലഭ്യമാക്കി പരിശോധിച്ചതിനു ശേഷം ഭൂമി ഏറ്റെടുക്കേണ്ടതിന്റെയോ റവന്യൂ രേഖകളിൽ മാറ്റം വരുത്തേണ്ടതിന്റെയോ ആവശ്യമുണ്ടെങ്കിൽ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ബി2-346/2022/ റവ നമ്പർ ഫയൽ പ്രകാരം റവന്യൂ വകുപ്പ് അറിയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ അപ്രകാരമുള്ള നിർദ്ദേശം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ